ഇല്ലാപ്പോലീസ്

കേസരി ബാലകൃഷ്ണപിള്ള

ഇല്ലാപ്പോലീസ്
കേസരി ബാലകൃഷ്ണപിള്ള
(മലയാളം: ലേഖനം)

© 2021, Kesari Balakrishna Pillai

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Queen Louise with her sons in Luisenwahl Park, a painting by Carl Steffeck (1818–1890). The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

ഇല്ലാപ്പോലീസ്

മുണ്ടശ്ശേരി

പരമമായ കോൺസെൻട്രേഷൻ, വിശിഷ്ടമായ അയറോണി, അതിലളിതമായ ഭാഷാരീതി എന്നിവ മൂന്നും കലർന്നിരിക്കുന്ന ചെറുകഥകളുടെ സമാഹാരങ്ങളായ 'സമ്മാനം' 'കടാക്ഷം' എന്നിവ മുഖേന ഭാഷാചെറുകഥക്കാരുടെ 'മുന്നണി'യിൽ ഒരു സ്ഥാനം കരസ്ഥമാക്കിയിട്ടുള്ള ശ്രീ. മുണ്ടശ്ശേരിയുടെ ഏഴു പരാജയപ്രസ്ഥാനകഥകളടങ്ങിയ ഒരു സമാഹാരമാണ് പ്രകൃതഗ്രന്ഥം. ഈ കഥകളിൽ 'ആ കണ്ണുനീർ' 'മൂഡ്' കഥയും ശേഷിച്ചവ 'ക്യാറക്ടർ' കഥകളുമാകുന്നു. 'ഇല്ലാപ്പോലീസ്' 'പിതൃഹൃദയം', 'ആ മനുഷ്യൻ', 'ആ കണ്ണുനീർ' എന്നിവയിൽ അയറോണി നല്ലപോലെ കാണാം. 'കാര്യസ്ഥത', 'ഒടിമഞ്ചം' എന്നിവയിൽ ഇത് സറ്റയർ (ഉഗ്രാക്ഷേപം) ആയി കലാശിച്ചിരിക്കുന്നു. ഈ സമാഹാരത്തിലെ ഉത്തമകഥകൾ 'കാര്യസ്ഥത' 'ആ കണ്ണുനീർ' എന്നതു് ഉത്തമഭാരതീയ ചെറുകഥകളുടെ കൂട്ടത്തിൽ പെടുന്നതുമാണ്. 'കണക്കു ബാക്കി' എന്ന സാധാരണ കഥയൊഴികെ ശേഷിച്ച നാലും നല്ല കഥകളുമാകുന്നു.

അടിസ്ഥാനരഹിതമായ അപവാദം ഒരിക്കൽ ജനിച്ചുപോയാൽ അതു അതിവേഗം പരക്കുമെന്നുള്ള ആശയം സാഹിത്യലോകത്തു പുത്തരിയല്ല:

'അവരതിഗൂഢം ചിലരൊടു ചൊല്ലി;
അവരും ചിലരൊടു ചെന്നു പറഞ്ഞു.
അവരപ്പോളതു പലരൊടു ചൊല്ലി;
അവരുമതൊക്കെ നടന്നു പറഞ്ഞു.
ഇരുവരുകൂടി നടക്കുന്നേരം
ചരിതമിതൊന്നേ കേൾപ്പാനുള്ളു.
കുരളപറഞ്ഞു നടന്നവരുന്നൊരു
വിരുതന്മാർക്കൊരു വകയുണ്ടായി.
ചെവിയിൽ ചിലതു പറഞ്ഞുതുടങ്ങി;
ചിലരതു കേൾപ്പാൻ ചെന്നുതുടങ്ങി;
ചെവിപൊത്തിച്ചിലർ നിന്നുതുടങ്ങി;
ചിലരതുകേട്ടു ചിരിച്ചുതുടങ്ങി.

കുഞ്ചൻനമ്പ്യാർ

എന്നിപ്രകാരം ഈ അപവാദം പരക്കുന്നതു് സ്യമന്തകം തുള്ളലിൽ കുഞ്ചൻനമ്പ്യാർ ഭംഗിയായി വർണ്ണിച്ചിട്ടുണ്ട്. ഈ ആശയത്തെ ആസ്പദിച്ചു റഷ്യക്കാരനായ ചെക്കോവും ഒരു ചെറുകഥ രചിച്ചിരിക്കുന്നു. ഗൃഹനാഥൻ അടുക്കളയിൽ ചെന്നു സദ്യയ്ക്കു കുശിനിക്കാരി പാകംചെയ്തു കൊണ്ടിരുന്ന മത്സ്യക്കറി നാക്കിൽ വെച്ചു രുചിച്ചുനോക്കിയപ്പോൾ അറിയാതെ പുറപ്പെട്ടുവിച്ചുപോയ അഭിനന്ദനശബ്ദം കുശിനിക്കാരിയെ അദ്ദേഹം ഉമ്മവെച്ചതിന്റെ ഒച്ചയാണെന്ന് അതിഥികളിലൊരാൾ തെറ്റിദ്ധരിച്ചതു നാടാകെ പരന്നതാണ് ചെക്കോവിന്റെ കഥ. ഇതുപോലെ മര്യാദക്കാരനായ ഒരു പോലീസിൻസ്പെക്ടരുടെ ഭൂതദയ അപവാദത്തിനു കാരണമായി അദ്ദേഹത്തിനു ദോഷം ചെയ്തതു് 'ഇല്ലാപ്പോലീസി'ൽ സരസമായി വർണ്ണിച്ചിരിക്കുന്നു.

'പിതൃഹൃദയം', 'കാര്യസ്ഥത', 'ഒടിമഞ്ചം', എന്നീ കഥകളുടെ വിഷയം ഇന്നത്തെ കുടുംബജീവിതത്തിന്റെ ഒരു ഘടകമായ സന്താനങ്ങളുടെ മാതൃപിതൃഭക്തിയാണെന്നു സമാധാനമായി പറയാം. പഴയ സമുദായഘടനയുടെ നട്ടെല്ലുകളിൽ ഒന്നായ കുടുംബം എന്ന സ്ഥാപനം ഇന്നത്തെ ലോകസ്ഥിതിക്കു വെച്ചു പരിപാലിച്ചു കൊണ്ടുപോകേണ്ടതുണ്ടോ എന്ന പ്രശ്നം ഇന്നത്തെ ചിന്തകരുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. പണ്ടു മാതാപിതാക്കന്മാർ നിർവ്വഹിച്ചിരുന്ന മിക്ക കർത്തവ്യങ്ങളും ഇന്ന് ഏറ്റെടുത്തു തുടങ്ങിയിരിക്കുന്ന സ്റ്റേറ്റിനോടുള്ള ഭക്തിക്കുവേണ്ടി പഴയ കുടുംബജീവിതത്തിലെ മാതൃപിതൃഭക്തി ബലികഴിച്ചു ദുർബ്ബലപ്പെടുത്തണമെന്നു വാദിക്കുന്ന സോവിയറ്റുകാരെപ്പോലെയുള്ള ചിന്തകരുടെ വാദത്തിനു മറുതലയായി മറ്റു ചില ചിന്തകർ കൊണ്ടുവന്നിട്ടുള്ള ഒരു യുക്തി കുടുംബമായി പാർക്കുന്ന മാതാപിതാക്കന്മാർക്കു മാത്രമേ കുഞ്ഞുങ്ങളിൽ വികാരപരമായ വളർച്ചയുണ്ടാക്കുവാൻ കാര്യക്ഷമമായി സാധിക്കുകയുള്ളു എന്നതാണ്. പണ്ടത്തെ കഥ എന്തായിരുന്നാലും ശരി, ഇന്നത്തെ അധഃപതിച്ച സമുദായസ്ഥിതിയിൽ ഒടുക്കം പറഞ്ഞതരം ചിന്തകരുടെ വാദത്തെ താങ്ങുന്ന സ്ഥിതി ഇന്നത്തെ കുടുംബജീവിതത്തിൽ വിരളമായിട്ടേ കാണ്മാനുള്ളു എന്നതു് ഒരു വെറും പരമാർത്ഥമാകുന്നു. പ്രസ്തുത മൂന്നു കഥകളും ഈ പരമാർത്ഥം ധ്വനിപ്പിക്കുന്നുണ്ട്.

ബൽസാക്ക്

ബൂർഷ്വാക്കളുമായുള്ള സമ്പർക്കം, നമ്മുടെ പുരോഗമന സാഹിത്യകാരരായ ചില കൂട്ടരിൽ അവരുടെ കൂടപ്പിറവിയായ സ്നോബറി (സഭ്യമന്യത) ജനിപ്പിച്ചിട്ടുള്ളതുപോലെ, സാഹിത്യലോകത്തിനു ഏഴലോകത്തിലെ അംഗങ്ങളിൽ ചിലരുടെ ഇടയ്ക്കും ആ മഹാരോഗം പകർത്തിയിട്ടുണ്ട്. ഈ വ്യാധിനിമിത്തം ഒരു തൊഴിലാളികുടുംബത്തിലെ സന്താനങ്ങൾ അന്ധനെങ്കിലും ആരോഗ്യവാനുംകൂടിയായിട്ടുള്ള പിതാവു മത്തൻകുഴി താരുവിൽനിന്നകലുന്നതു് 'പിതൃഹൃദയം' ഭംഗിയായി ചിത്രീകരിച്ചിരിക്കുന്നു. ശ്രീ. മുണ്ടശ്ശേരിയുടെ ക്യാറക്ടർ സൃഷ്ടിപാടവം ഇതിലും 'കാര്യസ്ഥത', 'ആ മനുഷ്യൻ' എന്നീ കഥകളിലും നല്ലപോലെ കാണാം. പിശുക്കിന്റെ മൂർത്തീകരണമായ അച്ഛൻ ഗ്രാന്ദേ എന്ന കഥാപാത്രത്തെ തന്റെ 'യൂജെനീഗ്രാന്ദേ' എന്ന ഉത്തമനോവൽ മുഖേന വിശ്വവിശ്രുതനായ ഫ്രഞ്ചുകാരൻ ബൽസാക്ക് വിശ്വസാഹിത്യത്തിനു സമ്മാനിച്ചിട്ടുണ്ട്. ഒരു പട്ടിക്കഥയിൽ മോപ്പസങ്ങ് ഒരു നല്ല പിശുക്കിയെ സൃഷ്ടിച്ചിട്ടുമുണ്ട്. ഇവർ ഇരുവരോടും കിടനില്ക്കുന്ന ഒരു മഹാപിശുക്കിയാണ് 'കാര്യസ്ഥത'യിലെ നായികയായ അന്നംകുട്ടി.

'അപ്പനായാലും അമ്മയായാലും, മരിക്കേണ്ടപ്പൊ മരിക്കാഞ്ഞാൽ?' എന്നു ഖേദിക്കുന്ന മൂത്ത മകൻ കുട്ടിപ്പൈലി രോഗശയ്യയിൽ കിടക്കുന്ന കുബേരനായ വൃദ്ധപിതാവിന്റെ പരലോകയാത്ര ത്വരിതപ്പെടുത്താനാണെന്നു തോന്നിക്കുമാറു മുൻകൂട്ടി മാന്യമായ ഒരു ഒടിമഞ്ചം വരുത്തി മച്ചിൻപുറത്തു് ഒളിച്ചുവെയ്ക്കുന്നതും, ഈ ആഗ്രഹം ഫലിക്കാതെ വന്നപ്പോൾ അവർക്കു വേണ്ടി ആജീവനാന്തം പണിയെടുത്തിരുന്നവനും രോഗാവസ്ഥയിൽപ്പോലും അവർ സഹായിക്കാതെയിരുന്നവനുമായ ഒരു സാധുകർഷകന്ന് ആ ഒടിമഞ്ചം ഉപകാരപ്പെട്ടതും, ഈ മരണമറിഞ്ഞു മൂപ്പീന്നു പെട്ടെന്നു മൂതിയടഞ്ഞതുനിമിത്തം പുതിയ ഒരു ഒടിമഞ്ചം വരുത്തേണ്ടതായി വന്നതുമാണ് 'ഒടിമഞ്ചം'യിലെ കഥ. ഒടിമഞ്ചയ്ക്കു കുട്ടിപ്പൈലി ഏർപ്പാടു ചെയ്തിരുന്ന സ്നേഹിതൻ അതിനുവേണ്ടി നീളം അറിയുവാനായി രോഗാന്വേഷണനാടകത്തിൽ ശയനമുറിയിൽ ചെന്നു രോഗിയുടെ ഉടൽനീളം കണ്ണുകൊണ്ടളക്കുന്നതു്, കുട്ടിപ്പൈലിയും അനുജനും ക്ഷമകെട്ടു കുടുംബകാര്യങ്ങൾ അന്വേഷിക്കുവാനായ് മറുദേശങ്ങളിൽ പോയ തക്കം ഉപയോഗപ്പെടുത്തി മദ്ധ്യവയസ്കകളായ പെണ്മക്കൾ നാക്കു തളർന്നുപോയ പിതാവു് നാക്കുപൊക്കി തങ്ങൾക്കു വകവല്ലതും തന്നേയ്ക്കുമെന്നുള്ള ആശാപൂർവ്വം രോഗിയെ ശുശ്രൂഷിച്ചുകൊണ്ട് സദാ ശയനമുറിയിൽ കഴിച്ചുകൂട്ടുന്നതു്, എന്നീ രംഗങ്ങൾ വായനക്കാരന്റെ മനസ്സിൽനിന്നു മായുന്നതല്ല.

പൊതുകാര്യപ്രസക്തകളായ പെണ്ണുങ്ങളോടു പൊതുകാര്യപ്രസക്തരാണെന്ന നാട്യത്തിൽ ലോഹ്യത്തിലാകുന്ന പുരുഷന്മാരെ ആക്ഷേപിക്കുന്ന ഒരു കഥയാണ് 'ആ മനുഷ്യൻ'. പ്രൈവറ്റ് സ്കൂൾ മാനേജർമാരിൽ സാധാരണയായി കാണാറുള്ള കുറവുകളോടുകൂടിയ ഒരു പ്രൈവറ്റ് സ്കൂൾ മാനേജിങ്ങ് ഹെഡ്മാസ്റ്ററുടെ ചിത്രം 'കണക്കുബാക്കി'യിൽ വരച്ചിരിക്കുന്നു.



ചെക്കോവ്

സിംബോളിക്ക് സാങ്കേതികമാർഗ്ഗം പ്രയോഗിച്ചിട്ടുള്ള ഒരു കഥയാണ് 'ആ കണ്ണുനീർ'. 'മണിനാദ'ത്തിന്റെ അവതാരികയിൽ ഞാൻ വിവരിച്ചിരുന്ന വ്യാപിക്കുന്ന ധ്വനികളുള്ള സിംബോളിസമാണു ഇതിൽ പ്രയോഗിച്ചിരിക്കുന്നതും. മേലാൾ വർഗ്ഗത്തെ തീറ്റിപ്പോറ്റുകയും സുഖിപ്പിക്കുകയും ചെയ്യുന്നതിന് എല്ലൊടിയുമാറ് അദ്ധ്വാനിക്കുന്ന വേളകളിൽ അപകടമോ, നിത്യരോഗമോ പിടിപെടാറുള്ള തൊഴിലാളി വർഗ്ഗത്തിന്റെ ഒരു സിംബലാണ് ഈ കഥയിലെ താടിക്കാരനായ യാചകൻ. ഈ നിർഭാഗ്യവാന്മാരെ ലേശമെങ്കിലും സഹായിക്കാതെ അവരിൽനിന്നു മുഖംതിരിച്ചുകളയുകയും, കേവലം സുഖസാധനങ്ങൾക്കായി കണ്ടമാനം ചെലവുചെയ്യുകയും ചെയ്തുവരുന്ന മേലാൾവർഗ്ഗത്തിന്റെ സിംബലാക്കി യാത്രക്കാരിൽ ഭൂരിപക്ഷത്തേയും കഥാകാരൻ സൃഷ്ടിച്ചിരിക്കുന്നു. ഇതിലെ പാട്ടുകളും ഗായകക്കുട്ടികളും പ്രസ്തുത സുഖസാധനങ്ങളും സിംബലുകളാണ്.

'ആരും ഗണിക്കുന്നില്ലെന്നാലുമാ കൈയിൻ
ചോര കുടിക്കാത്തോരുണ്ടോ പാരിൽ?
പാടലവർണ്ണമില്ലെന്നാലുമാ കൈയിൻ
പാടവം പാടാത്ത പാടമുണ്ടോ?
പാരം മെലിഞ്ഞതാണെന്നാലുമാ പാണി
പാരിനു പാടേ നെടുംതൂണല്ലോ!
പാർത്തലമാർത്തിയിലാണ്ടിടാതെപ്പോഴും
പാർത്തിരിക്കുന്നതുമക്കരം താൻ'

എന്നു ശ്രീ: കെടാമംഗലം പാടിയിട്ടുള്ള കൈ മുറിച്ചിരിക്കുന്നതു കണ്ടു് അറപ്പും ഭയവും തോന്നി താടിക്കാരൻ യാചകനു ഭിക്ഷ കൊടുക്കാതെയിരുന്ന കുഞ്ഞു ബാല്യസഹജമായ സ്വാർത്ഥതയിൽനിന്ന് ഇതുവരെ മോചനം ലഭിച്ചിട്ടില്ലാത്ത ഇന്നത്തെ ലോകരുടേയും, ഗായകബാലനു ഭിക്ഷ കൊടുക്കുന്നതുപോലെ കുഞ്ഞിന്റെ വൈമനസ്യം കണ്ടു് അതിനേക്കാൾ വലിയ ഭിക്ഷ തിരിച്ചുവാങ്ങി താൻതന്നെ താടിക്കാരനും കൊടുക്കുന്ന അതിന്റെ തള്ള, ലോകത്തിൽ കാണുന്ന സുന്ദരകാര്യങ്ങളിൽ സന്തോഷിക്കുവാനും ദയനീയകാര്യങ്ങളിൽ സഹതപിക്കുവാനും ഒരുവിധം ഒന്നുപോലെ മനസ്സുവരുന്നതിനു വേണ്ട മൂപ്പുകിട്ടിയ ഭാവിലോകരുടേയും, സിംബലുകളാകുന്നു. സൃഷ്ടിയിൽ സുപ്രധാനപങ്കു നിർവ്വഹിക്കുന്ന സ്ത്രീയെ, സൃഷ്ടിപരമായ ചിന്താഗതിയും പ്രവർത്തനവും നിറഞ്ഞിരിക്കുന്ന ഭാവിലോകരുടെ സിംബലാക്കിയതു ഏറ്റവും ഉചിതമായിരിക്കുന്നു.

ശ്രീ: കെടാമംഗലം

പിന്നെയും, നന്മയും തിന്മയും, സൗന്ദര്യവും വൈരൂപ്യവും നിറഞ്ഞ പ്രകൃതിയുടെ ഭാവദ്വയങ്ങളെ കൃത്രിമമായ വികാരപൂർവ്വം മാത്രം വർണ്ണിക്കുന്ന കർണ്ണാനന്ദകരമായ പാട്ടു്, ഭാഷാസാഹിത്യത്തിലെ ക്ലാസ്സിക്കും റൊമാന്റിക്കും പ്രസ്ഥാനങ്ങളിൽപ്പെട്ട കൃതികളുടെ സിംബലാകുന്നു. 'പിമ്പിൽ വല്ലാത്തൊരുമിത്തീ കിടന്നു കുമിഞ്ഞിരുന്നു' താടിക്കാരൻ യാചകന്റെ കാര്യമാത്രമായ ഗദ്യപ്രസംഗം, അതിലെ പരാജയ പ്രസ്ഥാനം, പുരോഗമനസാഹിത്യപ്രസ്ഥാനം എന്നിവയിലെ കൃതികളുടെ ഉചിതസിംബലുമത്രേ. ഗായകർക്കു ഭിക്ഷകൊടുക്കുകയും, താടിക്കാരന് അതു നൽകാതിരിക്കുകയും ചെയ്യുന്ന, ഭൂരിപക്ഷം യാത്രക്കാരെ, ക്ലാസ്സിക്കും റൊമാന്റിക്കും പ്രസ്ഥാനങ്ങളിൽപ്പെട്ട കൃതികളെമാത്രം പ്രോത്സാഹിപ്പിച്ചുവരുന്ന നമ്മുടെ ഭൂരിപക്ഷം സഹൃദയരുടേയും, സർവ്വകലാശാല മുതലായ വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും സിംബലാക്കിയിരിക്കുന്നു. ഹൃദയവിശാലതയും ഭൂതദയയുമുള്ള പ്രസ്തുത സ്ത്രീയാത്രക്കാരിയാകട്ടെ, പരാജയപുരോഗമന സാഹിത്യപ്രസ്ഥാനങ്ങളിലെ കൃതികളേയും, മറ്റു പ്രസ്ഥാനങ്ങളിലെ കൃതികളേയും വലിയ പക്ഷപാതമെന്യേ ഒരുവിധം ഒന്നുപോലെ മുക്തഹസ്തം സഹായിച്ചു വരുന്ന ഇവിടത്തെ ജനസാമാന്യത്തിന്റെ സിംബലുമാണ്.

അവസാനമായി, ചലനാത്മകമായ ലോകത്തിലെ ലാവണ്യവൈരൂപ്യപ്രശ്നത്തിന്റെ, അഥവാ, നന്മതിന്മപ്രശ്നത്തിന്റെ, അഥവാ, ദ്വൈതഭാവത്തിന്റെ, പ്രതിബിംബനവും ഈ കഥയിൽ നിഴലിച്ചുകാണാം. കാലോചിതമായ ഭോജനം കാലോചിതമായ ഭാജനത്തിൽ വേണ്ടവിധത്തിലൊഴിച്ചാൽ, ഒരു ഉത്തമകലാസൃഷ്ടി നിർമ്മിക്കാമെന്നുള്ളതിന് ഈ കഥ ഒരു മകുടോദാഹരണവുമാകുന്നു.

ഗ്രന്ഥകർത്താ: ജോസഫ് മുണ്ടശ്ശേരി.

(ജോസഫ് മുണ്ടശ്ശേരിയുടെ കഥയ്ക്ക് കേസരി ബാലകൃഷ്ണപിള്ള എഴുതിയ നിരൂപണം.)

□

കേസരി ബാലകൃഷ്ണപിള്ള



പാശ്ചാത്യ സാഹിത്യ ചിന്തകളുടെ ഊഷ്മള ചൈതന്യം മലയാള ഭാഷയിലേക്ക് ആവാഹിച്ച ഫ്യൂച്ചറിസ്റ്റ് ചിന്തകനും വിമർശകനും. പത്രപ്രവർത്തകൻ, നിരൂപകൻ, ചരിത്രകാരൻ എന്നീ നിലകളിൽ ശ്രദ്ധേയനായ മലയാളസാഹിത്യകാരനായിരുന്ന കേസരി എന്നറിയപ്പെടുന്ന കേസരി എ. ബാലകൃഷ്ണപിള്ള. ജീവിതത്തിലും സാഹിത്യത്തിലും അദ്ദേഹം ഒരു വിപ്ലവകാരിയായിരുന്നു.

1889-ൽ തമ്പാനൂരിലെ പുളിക്കൽ മേലേ വീട്ടിൽ ജനനം. പണ്ഡിതനും ഗ്രന്ഥകാരനുമായ ദാമോദരൻകർത്താവാണ് അച്ഛൻ. അമ്മ പാർവ്വതി അമ്മ. കുടിപ്പള്ളിക്കൂടത്തിലും കൊല്ലം ഹൈസ്കൂളിലുമായി സ്കൂൾ വിദ്യാഭ്യാസം. 1908-ൽ തിരുവനന്തപുരം മഹാരാജാസ് കോളേജിൽ നിന്ന് ചരിത്രം ഐഛികമായെടുത്ത് ബി. എ. ജയിച്ചു. ഗേൾസ് കോളേജിലും കൊല്ലം മഹാരാജാസ് കോളേജിലും ചരിത്രാദ്ധ്യാപകനായി ജോലി ചെയ്തു. സായാഹ്നക്ലാസിൽ പഠിച്ച് 1913-ൽ ബി. എൽ. ജയിച്ചു. 1917-ൽ ജോലി രാജി വെച്ച് വക്കീലായി പ്രാക്റ്റീസ് തുടങ്ങി. 1922 വരെ തിരുവനന്തപുരം ഹൈക്കോടതിയിൽ വക്കീലായിരുന്നു.

പത്രപ്രവർത്തനം

1922 മെയ് 14-നു സമദർശിയുടെ പത്രാധിപത്യം ഏറ്റെടുത്തുകൊണ്ട് പത്രപ്രവർത്തനരംഗത്തേക്ക് പ്രവേശിച്ചു. 1926 ജൂൺ 19-നു സമദർശിയുടെ പത്രാധിപത്യം രാജിവെച്ചു. സ്വന്തമായി ഒരു പത്രം തുടങ്ങുന്നതിനുള്ള പണം ശേഖരിക്കുന്നതിനായി തിരുവിതാംകൂറിലും, മലേഷ്യയിലും പര്യടനങ്ങൾ നടത്തി. 1930 ജൂൺ 4-നു പ്രബോധകൻ ശാരദാ പ്രസ്സിൽ നിന്നും അച്ചടി ആരംഭിച്ചു. 1930 സെപ്തംബർ 10-നു ലൈസൻസ് റദ്ദാക്കിയതുകൊണ്ട് പ്രബോധകൻ നിർത്തി. പിന്നീട് 1930 സെപ്തംബർ 18-നു തന്നെ കേസരി പത്രം പ്രസിദ്ധീകരണം ആരംഭിക്കുന്നു. 1931 ഫെബ്രുവരി 19-നു കോടതിയലക്ഷ്യത്തിന് 200 രൂപ പിഴ ചുമത്തുന്നു. 1935 ഏപ്രിൽ മാസത്തോടെ കേസരി പ്രസിദ്ധീകരിക്കാൻ കഴിയാതാവുകയും 1936-ൽ കടം താങ്ങാനാവാതെ ശാരദാ പ്രസ്സും ഉപകരണങ്ങളും വിൽക്കുകയും ചെയ്യുന്നു.

സാഹിത്യപ്രവർത്തനം

പാശ്ചാത്യ സാഹിത്യത്തെ മലയാളികൾക്ക് പരിചയപ്പെടുത്തിക്കൊടുത്തത് കേസരിയാണ്. ലോകത്തെ വിപ്ലവകരമായി മാറ്റിമറിക്കുന്നതിന് പ്രയോഗിക്കേണ്ട ഒരായുധമായിട്ടാണ് അദ്ദേഹം സാഹിത്യത്തെ കണ്ടത്. വൈദേശിക സാഹിത്യപ്രസ്ഥാനങ്ങളെ മുൻ നിർത്തി മലയാളസാഹിത്യത്തെ വിലയിരുത്താനാണ് അദ്ദേഹം ഉദ്യമിച്ചത്. പ്രസ്ഥാന നിരൂപകൻ, സാങ്കേതിക നിരൂപകൻ, ചിത്രകലാ നിരൂപകൻ, എന്നൊക്കെയാണ് കേസരി വിശേഷിപ്പിക്കപ്പെടുന്നത്.

മലയാളം കൂടാതെ ഹീബ്രു, ലാറ്റിൻ, ഗ്രീക്ക് എന്നിവയും അസീറിയൻ, സുമേറിയൻ ഭാഷകളും ഇംഗ്ലീഷ്, ഫ്രഞ്ച്, ജർമ്മൻ എന്നീ യൂറോപ്യൻ ഭാഷകളും സംസ്കൃതം, അറബി എന്നിവയും തമിഴ്, തെലുങ്ക്, കന്നട, ചൈനീസ് എന്നീ ഭാഷകളും അറിയാമായിരുന്നു.

കേസരി സദസ്

1930-കളിൽ ശാരദ പ്രസ്സിൽ ഒത്തു കൂടിയിരുന്ന എഴുത്തുകാരുടേയും രാഷ്ട്രീയ പ്രവർത്തകരുടേയും കൂട്ടായ്മയാണ് കേസരി സദസ്. തകഴി, പട്ടം താണുപിള്ള, എ. വി. കൃഷ്ണപിള്ള, കെ. എ. ദാമോദരൻ, എൻ. എൻ. ഇളയത്, ബോധേശ്വരൻ, സി. നാരായണപിള്ള തുടങ്ങിയവരായിരുന്നു കേസരി സദസിൽ ഒത്തു കൂടിയിരുന്നത്.

അവസാനകാലം

1942 സെപ്തംബർ 3-ന് തിരുവനന്തപുരത്തു നിന്നും വടക്കൻ പറവൂരിലേക്ക് താമസം മാറ്റി. 1960 ഡിസംബർ 18-ന് ആ മഹാമനീഷി ഈ ലോകത്തോടു വിടപറഞ്ഞു.

കൃതികൾ

പതിമൂന്നു വിവർത്തനങ്ങളുൾപ്പെടെ 41 കൃതികൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

- കാമുകൻ (തർജ്ജമ)
- ലാർഡ് കിച്ചനർ
- പുരാതത്വ പ്രദീപം
- അലക്സാണ്ടർ മഹാൻ
- യുലിസസ് ഗ്രാന്റ്
- രണ്ട് സാഹസികയാത്രകൾ
- ഐതിഹ്യ ദീപിക
- വിക്രമാദിത്യൻ ത്രിഭുവന മല്ലൻ
- ഹർഷ വർദ്ധനൻ
- കാർമെൻ (തർജ്ജമ)
- നവലോകം
- പ്രേതങ്ങൾ
- രൂപമഞ്ജരി
- ഒരു സ്ത്രീയുടെ ജീവിതം
- ഓമനകൾ
- ആപ്പിൾ പൂമൊട്ട്
- നോവൽ പ്രസ്ഥാനങ്ങൾ
- മൂന്ന് ഹാസ്യ കഥകൾ
- മോപ്പസാങ്ങിന്റെ ചെറുകഥകൾ (തർജ്ജമ)
- സാഹിത്യ ഗവേഷണ മാല
- പ്രാചീന കേരള ചരിത്ര ഗവേഷണം
- സാങ്കേതിക ഗ്രന്ഥ നിരൂപണങ്ങൾ
- ഒമ്പത് പ്രഞ്ച കഥകൾ
- നാല് ഹാസ്യ കഥകൾ
- സാഹിത്യ വിമർശനങ്ങൾ
- ആദം ഉർബാസ്
- എട്ട് പാശ്ചാത്യ കഥകൾ
- കേസരിയുടെ മുഖ പ്രസംഗങ്ങൾ
- ചരിത്രത്തിന്റെ അടിവേരുകൾ
- കേസരിയുടെ സാഹിത്യ വിമർശനങ്ങൾ
- കേസരിയുടെ ലോകങ്ങൾ
- നവീന ചിത്ര കല
- ചരിത്ര പഠനങ്ങൾ
- Outline of Proto Historic Chronology of Western Asia
- കേസരിയുടെ ചരിത്ര ഗവേഷണങ്ങൾ (നാലു വാള്യം)

ഡ്രോയിങ്: മധുസൂദനൻ
(വിവരങ്ങൾക്ക് വിക്കിപ്പീഡിയയോട് കടപ്പാട്.)

RIVER VALLEY
DIGITAL LIBRARY
empowering the author ...

- “റിവർ വാലി പ്രസ്” എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപതു് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

രാജ്യം	കറൻസി	വരിസംഖ്യ
ഇന്ത്യ (119 വീതം ആറു മാസത്തിലൊരിക്കൽ)	രൂപ	238
യുഎസ്, കാനഡ	യുഎസ് ഡോളർ	10
യൂറോപ്	യൂറോ	10
മറ്റു വികസിത രാഷ്ട്രങ്ങൾ	യുഎസ് ഡോളർ	10
ഖത്തർ	റിയാൽ	20
യുഎഇ	ദിർഹം	20
സൗദി അറേബ്യ	റിയാൽ	20
കുവൈറ്റ്	ദിനാർ	2
ഒമാൻ	ദിനാർ	2
ബഹ്റിൻ	ദിനാർ	2
മലേഷ്യ	റിങ്ങിറ്റ്	25

- എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്കു് ഉപയോഗിക്കുക എന്നിവയാണു് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണു് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്ക്/സുഹൃത്തുക്കൾക്ക് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ച് അറിയുക
  3. Who’s who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കു് അയയ്ക്കുക.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014